പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 659 | | 24.07.2009-ൽ മറുപടിയ്ക്ക് |
|---|---|---|
| ആഡംബര വിവാഹങ്ങൾക്ക് നിയന്ത്രണം | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. ജോർജ് എം.തോമസ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീമതി.ജെ. അരുന്ധതി<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | വർദ്ധിച്ചുവരുന്ന വിവാഹധൂർത്ത്, ആഭരണഭ്രമം മുതലായ സാമൂഹ്യ വിപത്തുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ആഡംബര വിവാഹങ്ങൾക്ക് പ്രത്യേക ഫീസ് ചുമത്താൻ നടപടി സ്വീകരിക്കുമോ; | (ബി) ആഡംബര വിവാഹങ്ങൾക്ക് ലക്ഷ്വറി ടാക്സ്/ഫീസ് ഏർപ്പെടുത്തണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | ഇത്തരം ജീർണ്ണതകൾക്കെതിരെ വിപുലമായ പ്രചാരവേല സംഘടിപ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ? | (സി) വിവാഹധൂർത്ത്, സ്വർണ്ണാഭരണങ്ങളുടെ അമിത ഉപയോഗം എന്നിവയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി കേരള വനിതാ കമ്മീഷൻ സംസ്ഥാനത്തുടനീളം സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുകയും ഇതിന്റെ ദുഷ്യവശങ്ങൾ ചിത്രീകരിക്കുന്ന ഡോക്യുമെന്ററികളും ഓഡിയോ വീഡിയോ സ്പോട്ടുകളും നിർമ്മിച്ചു പ്രദർശിപ്പിക്കുകയും ചെയ്യു. സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഉദ്ദേശിച്ചുള്ള 'കലാലയജ്യോതി' പരിപാടിയിലും അമിതസ്വർണ്ണാഭരണഭ്രമം സൃഷ്ടിക്കുന്ന വിപത്തുകളെക്കുറിച്ചും സ്ത്രീധനം, |

| | | |
|---|---|---|
| | | വിവാഹധൂർത്ത് എന്നിവയുടെ ദൂഷ്യ വശങ്ങളെക്കുറിച്ചും ക്ലാസ്സുകൾ എടുക്കുന്നുണ്ട്. ഇതിനു പുറമേ കേരള വനിതാ കമ്മീഷൻ സംഘടിപ്പിക്കുന്ന എല്ലാ പൊതുപരിപാടികളിലും ഇത്തരം ജീർണ്ണതക്കെതിരെ പ്രചാരവേല നടത്തുകയും ബ്രോഷർ, ലഘുലേഖ എന്നിവ വിതരണം ചെയ്യുന്നുമുണ്ട്. കൂടാതെ ജനങ്ങളുടെ ഇടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്ത്രീധന വിരുദ്ധ ദിനമായ നവംബർ 26-ന് സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം എല്ലാ ജില്ലകളിലും കോളേജുകളിൽ ബോധവത്കരണ സെമിനാറുകളും നടത്തിവരുന്നു.<br>എന്നാൽ ഇവയെല്ലാം സർക്കാർ നടത്തുന്ന പ്രചാരവേല കൊണ്ടുമാത്രം തടയാവുന്ന പ്രവണതകളല്ല. രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും യുവജന - വനിതാ പ്രസ്ഥാനങ്ങളും എല്ലാം ഒരുമിച്ച് നടത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായി മാത്രമേ ഇവ നിയന്ത്രിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.860** | **24-07-2009-ൽ മറുപടിയ്ക്ക്**

**സിമെറ്റിന്റെ കീഴിൽ മെച്ചപ്പെട്ട കൂടുതൽ കോളേജുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീമതി കെ.കെ.ലതിക<br>ശ്രീ.കെ.എസ്.സലീഖ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.വി.എൻ.വാസവൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) ആരോഗ്യ വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജി (സിമെറ്റ്) എന്ന സ്ഥാപനം സർക്കാർ ഉടമസ്ഥതയിൽ ആരംഭിച്ചത്. |
| (ബി) നഴ്സുമാർക്കുള്ള വർദ്ധിച്ച ജോലി സാധ്യതയും നഴ്സുമാരുടെ ദൗർലഭ്യവും പരിഗണിച്ച് സിമെറ്റിന്റെ കീഴിൽ മെച്ചപ്പെട്ട കൂടുതൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുമോ ; | (ബി) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആന്റ് ടെക്നോളജിയുടെ കീഴിൽ പാലക്കാട്-മലമ്പുഴ, കാസർഗോഡ്-ഉദുമ, എറണാകുളം-പള്ളുരുത്തി എന്നിവിടങ്ങളിൽ മൂന്ന് നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഈ അദ്ധ്യയനവർഷം ബി.എസ്.സി. നഴ്സിംഗ് കോഴ്സ് ഈ മൂന്നു കോളേജുകളിലും ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പിന്നീട് പരിശോധിക്കുന്നതാണ്. |
| (സി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) സിമെറ്റിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ കുഴൽമന്ദത്തും കണ്ണൂർ ജില്ലയിലെ പയ്യന്നൂരുമായി രണ്ട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ കഴിഞ്ഞ അധ്യയനവർഷം മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം സർക്കാർ പിന്നീട് പരിശോധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**

# <u>പന്ത്രണ്ടാം കേരള നിയമസഭ</u>
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 661 | 24.7.2009 -ൽ മറുപടിക്ക്

## <u>ശാസ്താംകോട്ട കായലിന്റെ സംരക്ഷണം</u>

| ചോദ്യം<br>ശ്രീ.കോവൂർകുഞ്ഞുമോൻ | ഉത്തരം<br>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) ശാസ്താംകോട്ട കായലിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ടറി അതോറിറ്റി രൂപീകരണ പ്രവർത്തനങ്ങൾ എന്തായി എന്നു വെളിപ്പെടുത്താമോ; | എ)& ബി) സംസ്ഥാനത്തെ എല്ലാ ജലാശയങ്ങളും ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന്റെ ഭാഗമായി 2003-ലെ ഇറിഗേഷൻ കൺസർവേഷൻ ആക്ട് ഭേദഗതി വരുത്താനും പ്രസ്തുത ഭേദഗതി വഴി ഒരു "വെറ്റ് ലാന്റ് അതോറിറ്റി" രൂപികരിക്കുന്നതിനുമുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |
| ബി) അതോറിറ്റി രൂപീകരണത്തിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 662 **24.07.2009-ൽ** മറുപടിക്ക്

## മിനറൽ വാട്ടർ ഉൽപ്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു<br>ശ്രീ. എൻ. ശക്തൻ<br>ശ്രീ. വർക്കല കഹാർ | **ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ**<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരള **ജല അതോറിറ്റിയെ** ലാഭത്തിലാക്കുവാൻ വേണ്ടി മിനറൽ വാട്ടർ ഉൽപ്പാദനം ആരംഭിക്കുമെന്ന് ഈ സർക്കാർ അധികാരത്തിലേറിയപ്പോൾ വാഗ്ദാനം നൽകിയിരുന്നുവോ; എങ്കിൽ എന്നു മുതൽ മിനറൽ വാട്ടറിന്റെ ഉൽപ്പാദനവും വിപണനവും ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | **നൽകിയിരുന്നു.** പദ്ധതി നടപ്പാക്കുന്നതിനുള്ള കരാർ ഉറപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നു. കരാർ ഉറപ്പിച്ച് ഒരു വർഷത്തിനകം കുടിവെള്ളത്തിന്റെ ഉൽപ്പാദനവും, വിപണനവും ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | അതോറിറ്റിയുടെ നിർദ്ദിഷ്ട മിനറൽ വാട്ടർ ഉത്പാദന പ്രോജക്ട് ഉപേക്ഷിച്ചുവോ; | (ബി) | ഇല്ല. |
| (സി) | ഇല്ലാത്തപക്ഷം മിനറൽ വാട്ടർ ഉത്പാദന പ്ളാന്റിന്റെ നിർമ്മാണം ആരംഭിച്ചുവോ; അത് സംസ്ഥാനത്ത് എവിടെയാണ് സ്ഥാപിക്കുന്നത്; അതിന്റെ നിർമ്മാണം എന്ന് പൂർത്തിയാകും. | (സി) | പ്ളാന്റിന്റെ നിർമ്മാണം സംബന്ധിച്ച കരാർ ഉറപ്പിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നു വരുന്നു. തിരുവനന്തപുരത്ത് അരുവിക്കരയിൽ നിലവിലുള്ള ജല ശുദ്ധീകരണശാലയുടെ സമീപമാണ് പ്ളാന്റ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കരാർ ഉറപ്പിച്ച് ഏകദേശം 12 മാസക്കാലയളവിൽ പണി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് **പ്രതീക്ഷിക്കുന്നത്.** |
| (ഡി) | ഈ സർക്കാരിന്റെ കാലാവധി **പൂർത്തിയാകുന്നതിനു** മുൻപ് കെ. ഡബ്ള്യു.എ യുടെ കീഴിൽ മിനറൽ **വാട്ടർ നിർ**മ്മാണം ആരംഭിക്കുമോ ? | (ഡി) | ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷി**ക്കുന്നത്.** |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 663 | 24.07.2009 ൽ മറുപടിക്ക് |
|---|---|

## മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ കൗൺസിൽ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഓരോ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും എത്ര സീറ്റുകൾ വീതം ഡിഗ്രി കോഴ്സിനും പി.ജി. കോഴ്സിനും അനുവദിച്ചിട്ടുണ്ട്; | എ | എം.ബി.ബി.എസിന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 200, കോഴിക്കോട് മെഡിക്കൽ കോളേജിൽ 200, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ 150 വീതം സീറ്റുൾപ്പെടെ 850 സീറ്റുകളാണ് ഗവണമെന്റ് മെഡിക്കൽ കോളേജുകളിൽ ഉള്ളത്. പി.ജി. ഡിഗ്രി കോഴ്സിന് 137 സീറ്റും, പി.ജി. ഡിപ്ലോമ കോഴ്സിന് 86 സീറ്റും, പി.ജി. സൂപ്പർസ്പെഷ്യാലിറ്റി കോഴ്സിന് 41 സീറ്റും വീതമാണ് 5 മെഡിക്കൽ കോളേജുകളിലുമായി ഉള്ളത്. |
| ബി) | വിദ്യാർത്ഥികളുടെ എണ്ണമനുസരിച്ച് ഓരോ മെഡിക്കൽ കോളേജിലും ഓരോ വിഷയത്തിലും ആവശ്യമായ യോഗ്യതയുള്ള സ്റ്റാഫിന്റെ എണ്ണം എത്ര വീതമാണ്; | ബി) | ഇതു സംബന്ധിച്ച് 100 എം.ബി.ബി.എസ് വിദ്യാർത്ഥികൾക്ക് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചിരിക്കുന്ന സ്റ്റാഫിന്റെ എണ്ണം മേശപ്പുറത്ത് വയ്ക്കുന്നു. |
| സി) | ഈ കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അധികാരികൾ പരിശോധനയ്ക്ക് വരുമ്പോൾ അവിടെ ആവശ്യത്തിന് സ്റ്റാഫില്ലാത്ത പക്ഷം അവരുടെ കുറവു പരിഹരിക്കുന്നതെപ്രകാരമാണ്; | | <u>സി) , ഡി)& ഇ)</u><br>മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് സ്റ്റാഫിന്റെ കുറവ് ശ്രദ്ധയിൽപെട്ടാൽ സ്റ്റാഫ് അധികമുള്ള കോളേജുകളിൽ നിന്നും അവിടെ മാറ്റി നിയമിക്കുകയോ അല്ലെങ്കിൽ നേരിട്ട് നിയമനം നടത്താനുള്ള നടപടികൾ |

(ഡി) ഈ വർഷത്തെ മെഡിക്കൽ കൗൺസിൽ പരിശോധനാവസരത്തിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ നിന്ന് മറ്റേതെല്ലാം മെഡിക്കൽ കോളേജുകളിലേക്ക് എത്ര സ്റ്റാഫിനെ മാറ്റി നിയമിച്ച് എന്ന് പറയുമോ;

(ഇ) എത്ര വിദഗ്ദ്ധന്മാരെയാണ് ഇപ്രകാരം മാറ്റി നിയമിച്ചതെന്നും പറയുമോ ?

[illegible]. ആവശ്യമുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യാറുണ്ട്. ഈ വർഷം ആലപ്പുഴ, കോട്ടയം, തൃശൂർ മെഡിക്കൽ കോളേജുകളിൽ കൗൺസിൽ പരിശോധന നടന്നപ്പോൾ കോഴിക്കോട്, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ നിന്നും അൻപതിലധികം ഡോക്ടർമാരെ മാറ്റി നിയമിക്കുകയുണ്ടായി.

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 664 — 24.07.2009 -ൽ മറുപടിക്ക്

കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ പേ വാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>" പി.പി.അബ്ദുള്ളക്കുട്ടി:<br>" എം.ചന്ദ്രൻ:<br>" ബി.ഡി.ദേവസ്സി:<br>" കെ.കെ.ജയചന്ദ്രൻ: | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ പേ വാർഡുകളുടെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | (ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ മുന്നോടിയായി തിരുവനന്തപുരം പേരൂർക്കട സർക്കാർ ആശുപത്രിയിൽ 32 ലക്ഷം രൂപയുടേയും കോഴിക്കോട് കോട്ടപറമ്പ് (W&C) ആശുപത്രിയിൽ 76 ലക്ഷം രൂപയുടേയും കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ 303 ലക്ഷം രൂപയുടേയും നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ നവീകരണത്തിനു വേണ്ടി ടെൻഡർ വിളിക്കുകയും ചെയ്തിട്ടുണ്ട്. ഒറ്റപ്പാലം താലൂക്ക് ആശുപത്രി, വൈക്കം താലൂക്ക് ആശുപത്രി, കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി, തിരുവനന്തപുരം ജനറൽ ആശുപത്രി, അടൂർ താലൂക്ക് ആശുപത്രി, കൊല്ലം വിക്ടോറിയ ആശുപത്രി എന്നിവിടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുവാനായി എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. |
| (സി) പേ വാർഡുകൾക്ക് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഏതെല്ലാം ആശുപത്രികളിലെന്ന് വ്യക്തമാക്കുമോ; | (സി) കഴിഞ്ഞ വർഷം ഏറ്റെടുത്ത നെയ്യാറ്റിൻകര, കാഞ്ഞങ്ങാട് പേവാർഡുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. അടൂർ, പരിയാരം (ആയുർവേദ), പയ്യന്നൂർ എന്നിവിടങ്ങളിൽ പുതിയ പേവാർഡിന്റെ പണികൾ പുരോഗതിയിലാണ്. |

| | |
|---|---|
| (ഡി) കാലപ്പഴക്കമുള്ള പേ വാർഡ് കെട്ടിടങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചു വരുന്നു. |

K.S. Sudha
സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 665 | 24.07.2009 ൽ മറുപടിക്ക് |
|---|---|

## ഔഷധിയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.സി. രാജഗോപാലൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ. എം.ജെ.ജേക്കബ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |

<table>
<tr><td>എ)</td><td>പൊതുമേഖലാ സ്ഥാപനമായ ഔഷധിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;</td><td>എ)</td><td>ഔഷധിയുടെ പ്രവർത്തനം<br>മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂലധന നിക്ഷേപമായി താഴെപ്പറയുന്ന തുക സർക്കാർ ഔഷധിക്ക് നൽകിയിട്ടുണ്ട്.
<table>
<tr><td>1</td><td>2006-2007</td><td>88 ലക്ഷം രൂപ</td></tr>
<tr><td>2</td><td>2007-2008</td><td>25 ലക്ഷം രൂപ</td></tr>
<tr><td>3</td><td>2008-2009</td><td>250 ലക്ഷം രൂപ</td></tr>
</table>
നടപ്പു സാമ്പത്തിക വർഷത്തെ സർക്കാർ ബജറ്റിൽ 5.30 കോടി രൂപ ഔഷധിക്ക് മൂലധനമായി വകയിരുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ തുക ഉപയോഗിച്ച് ഒരു കോടി രൂപ ചെലവ് ചെയ്ത് പുതിയ ബോയിലർ ഫാക്റ്ററിയിൽ സ്ഥാപിച്ചു. കൂടാതെ 50 ലക്ഷം രൂപ ചെലവ് ചെയ്ത് പരിയാരത്ത് ഒരു സബ് സെന്റർ പ്രവർത്തനം ആരംഭിച്ചു. 2006- 2007 , 2007-2008,2008-2009 എന്നീ വർഷങ്ങളിൽവികസന പ്രവർത്തനത്തിന്റെ ഭാഗമായി മൊത്തം മൂന്നു കോടി രൂപ കെട്ടിടങ്ങൾക്കും,വിവിധ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>ഔഷധനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം</td><td>ബി)</td><td>ഔഷധ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സംസ്ഥാന ഔഷധസസ്യ ബോർഡ് ഔഷധ</td></tr>
</table>

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | സസ്യകൃഷിക്കായി സബ്സിഡി നൽകുന്നുണ്ട്. കൂടാതെ ഔഷധി കർഷകരിൽ നിന്നും നേരിട്ട് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് അവരുമായി ധാരണാപത്രം ഒപ്പുവെയ്ക്കുകയുണ്ടായി. ഈ കരാറിന്റെ അടിസ്ഥാനത്തിൽ 2008-2009 വർഷം 9.76 ലക്ഷം രൂപയുടെയും നടപ്പു സാമ്പത്തിക വർഷം ഇതുവരെ 1.17 ലക്ഷം രൂപയുടെയും അസംസ്കൃത മരുന്നുകൾ കർഷകരിൽ നിന്നും നേരിട്ട് വാങ്ങുകയുണ്ടായി. |
| സി) | ഔഷധിയിൽ നിന്ന് ഏജൻസികൾ ആവശ്യപ്പെടുന്ന അളവിൽ ഔഷധങ്ങൾ നൽകാൻ കഴിയുന്നുണ്ടോ; | സി) | അസംസ്കൃത മരുന്നുകളുടെ ദൗർലഭ്യം മൂലവും മറ്റും നിർമ്മാണം വൈകുന്നതിനാൽ ഏജൻസികൾ ആവശ്യപ്പെടുന്ന ചില മരുന്നുകൾ ചിലപ്പോൾ സമയത്തിന് എത്തിക്കുവാൻ ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വിറ്റുവരവ് എത്ര കോടിയായിരുന്നു; അത് ഇപ്പോൾ എത്ര കോടിയായി വർദ്ധിച്ചിട്ടുണ്ട്; | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന വർഷം (2005-2006) ഔഷധിയുടെ വിറ്റുവരവ് 19.33 കോടി രൂപയായിരുന്നത് കഴിഞ്ഞ വർഷം (2008-2009) 32.67 കോടി രൂപയായി വർദ്ധിച്ചു. |
| ഇ) | ഔഷധങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഇ) | ഔഷധങ്ങളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് വേണ്ടി ഔഷധ നിർമ്മാണം ആയുർവേദ ഡോക്ടർമാരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നിർവഹിക്കുന്നത്. ഗുണമേന്മ ശാസ്ത്രീയമായി വിലയിരുത്തുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 2.50 കോടി രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്ന ആധുനിക ഗവേഷണ -വികസന വിഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനം അവസാന ഘട്ടത്തിലാണ്. 2009 ആഗസ്റ്റ് മാസം അവസാനത്തോടെ ഈ വിഭാഗം പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. |

R. Ham

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 666

24-7-09 ൽ
മറുപടിയ്ക്ക്

## കൈത്തറി സഹകരണസംഘങ്ങളുടെ കുടിശ്ശിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എം.എ.വാഹിദ് | | ശ്രീ. എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) | |
| എ) | കൈത്തറിസഹകരണസംഘങ്ങളുടെ മുടങ്ങിക്കിടക്കുന്ന ക്യാഷ് ക്രെഡിറ്റ് അക്കൗണ്ട് കുടിശ്ശിക എഴുതിത്തള്ളുവാനുള്ള പദ്ധതി കേന്ദ്രം ആവിഷ്കരിച്ചതെന്നാണ്; | എ) | "കൈത്തറി മാർക്ക് "പരിചയപ്പെടുത്താൻ 28.6.2006 ൽ കൂടിയ ചടങ്ങിലാണ് പ്രധാനമന്ത്രി രാജ്യത്തെ പ്രാഥമിക കൈത്തറി സഹകരണസംഘങ്ങളുടേയും അപ്പെക്സ് സംഘങ്ങളുടേയും ബാങ്കിലെ കടബാദ്ധ്യത തീർക്കുന്നതിനായുള്ള ഫിനാൻഷ്യൽ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ആദ്യമായി സൂചിപ്പിച്ചത്. പദ്ധതി ഇതുവരെ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. |
| ബി) | ഈ പദ്ധതി പ്രകാരം കുടിശ്ശിക എഴുതിത്തള്ളാൻ ആവശ്യമായ തുകയുടെ എത്ര ശതമാനം വീതമാണ് കേന്ദ്രവും സംസ്ഥാനവും വഹിക്കുന്നത്; | ബി) | കുടിശ്ശിക എഴുതി തള്ളാൻ ആവശ്യമായ തുകയുടെ 75 % കേന്ദ്ര സർക്കാരും 20 % സംസ്ഥാന സർക്കാരും 5 % സംസ്ഥാന സഹകരണ ബാങ്കും വഹിക്കണമെന്നാണ് നിർദ്ദേശം. |
| സി) | ഈ കുടിശ്ശിക എഴുതി ത്തള്ളുന്നതിനുള്ള കേന്ദ്രവിഹിതം ലഭിച്ചതെന്നാണ്; | സി) | കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല. |
| ഡി) | ഇത് എഴുതിത്തള്ളാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | ഡി) | ഫിനാൻഷ്യൽ പാക്കേജ് കേന്ദ്ര സർക്കാർ ഇതുവരെ അംഗീകരിച്ചിട്ടില്ല. |
| ഇ) | കുടിശ്ശിക എഴുതിത്തള്ളാൻ നടപടി സ്വീകരിക്കുമോ; | ഇ) | കേരളത്തിന്റെ വിഹിതം നൽകാൻ തയ്യാറാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചു കഴിഞ്ഞിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 667

24.7.2009-ൽ മറുപടിക്ക്

തൊഴിലാളികളുടെ സഹകരണത്തോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.സി.എം.ദിനേശ് മണി<br>ശ്രീ.കെ.കെ.ദിവാകരൻ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എ.എം.യൂസഫ് | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) തൊഴിലാളികളുടെ സഹകരണത്തോടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാസ്ഥാപനങ്ങളുടെയും നവീകരണമുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അതാത് കമ്പനി മാനേജ്മെൻറുമായും ജീവനക്കാരുടെ പ്രതിനിധികളുമായും വിശദമായ ചർച്ചകൾ നടത്തി അവരുടെയും കൂടി അഭിപ്രായം കണക്കിലെടുത്തുകൊണ്ടാണ് സർക്കാർ അതിന്മേൽ തീരുമാനമെടുക്കുന്നത്.<br><br>വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളിലെ എല്ലാ അംഗീകൃത ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും സംസ്ഥാന തല ട്രേഡ് യൂണിയൻ നേതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ചുമുള്ള മീറ്റിംഗ് 2008 ജൂൺ മാസം 20-ാം തീയതി കൊച്ചിയിൽ വച്ചുനടത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനും ഉല്പന്നങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനുമായി തൊഴിലാളി സംഘടനകളുമായി സർക്കാർ കരാറുണ്ടാക്കിയിട്ടുണ്ടോ; | (ബി) യും (സി) യും |
| | വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉൽപ്പാദനക്ഷമതയും, ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിന് തൊഴിലാളി സംഘടനകളുമായി കരാറുണ്ടാക്കുവാൻ അതാത് |
| (സി) എങ്കിൽ വിശദാംശം നൽകുമോ? | സ്ഥാപനങ്ങളുടെ മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |
| | ഉൽപ്പാദന ക്ഷമതയുമായി ബന്ധപ്പെട്ട് അനുകൂല്യം നൽകുന്ന സ്കീം കൊണ്ടുവരുന്നത് വ്യവസായ സ്ഥാപനങ്ങളുടെ പുരോഗതിയ്ക്ക് വളരെയധികം പ്രയോജനപ്രദമാണ്. എന്തുകൊണ്ടെന്നാൽ ഉൽപ്പാദനക്ഷമത കൂടുന്നതിനൊപ്പം സ്ഥാപനങ്ങളുടെ ലാഭവും വർദ്ധിക്കുന്നത് മുൻനിർത്തിമാത്രമേ ഇത്തരത്തിലുള്ള സ്കീമുകൾ വിഭാവനം ചെയ്യുവാൻ കഴിയുകയുള്ളു. ഇതിനായി ട്രേഡ് യൂണിയനുകളുമായും, മാനേജ്മെന്റുമായും ചർച്ചകളിലൂടെ അഭിപ്രായ സമന്വയം ഉണ്ടാകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 668 | 24.07.2009 -ൽ മറുപടിക്ക് |
|---|---|
| സ്ത്രീകൾക്കായി ആരംഭിച്ച വെബ്പോർട്ടൽ | |
| ചോദ്യം | ഉത്തരം |
| ശ്രീമതി.പി. അയിഷ പോറ്റി<br>ശ്രീമതി.ജെ. അരുന്ധതി<br>ശ്രീമതി.കെ.കെ. ലതിക<br>ശ്രീമതി.കെ.എസ്. സലീഖ<br>ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സ്ത്രീകൾക്കായി ആരംഭിച്ച വെബ്പോർട്ടലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) സ്ത്രീകളെ സംബന്ധിച്ചുള്ള വാർത്തകൾ, സാമൂഹ്യക്ഷേമ വകുപ്പും മറ്റുവകുപ്പുകളും സ്ത്രീകൾക്കായി സംഘടിപ്പിക്കുന്ന പരിപാടികളുടെ വാർത്തയും വിവരണവും, സ്ത്രീകൾക്കായി സർക്കാർ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദ വിവരങ്ങളും അപേക്ഷാ ഫോറങ്ങളും, സ്ത്രീകൾക്ക് ഉപകാരപ്രദമാകുന്ന മറ്റ് വിവരങ്ങൾ, ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന നിയമത്തിന്റെ വിശദ വിവരങ്ങൾ, അവയിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്നിവ 'keralawomen'ൽ upload ചെയ്യുന്നു. ഓരോ വിഷയത്തെ സംബന്ധിച്ച ക്ലിപ്പുകളുടെ ഓഡിയോ, വീഡിയോ എന്നിവയും ഈ വെബ്പോർട്ടലിൽ ഉണ്ട്. ഇവയിലെ വിവരങ്ങൾ കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| (ബി) | എന്തെല്ലാം വിവരങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) സ്ത്രീകളെക്കുറിച്ചുള്ള വാർത്ത, സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളും പ്രതിവിധികളും, പ്രശസ്തരായ സ്ത്രീകളെക്കുറിച്ചുള്ള ലേഖനങ്ങൾ, സമകാലീന വിഷയങ്ങളെ ആസ്പദമാക്കിയുള്ള അഭിപ്രായ വോട്ടെടുപ്പ് , കരകൗശല നിർമ്മാണം, വിദ്യാഭ്യാസ സംബന്ധമായ വാർത്തകൾ, യാത്രാ വിവരങ്ങൾ, സർക്കാർ-സർക്കാരിതര പരിപാടികളുടെ അറിയിപ്പുകൾ, പ്രശസ്തരായ സ്ത്രീകൾ എഴുതുന്ന സ്ത്രീ സംബന്ധിയായ ലേഖനങ്ങൾ, അക്കാദമിക് ലേഖനങ്ങൾ, വീഡിയോസ്, ബ്രോഡ്കാസ്റ്റിംഗ്, വിവിധ സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകളുടെ ലിങ്കുകൾ, വിവിധ സർക്കാരിതര സ്ഥാപനങ്ങൾ (എൻ.ജി.ഒ) നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ ഏറ്റവും പുതിയ വിവരങ്ങൾ, വിവിധ തുറകളിൽ കഴിവ് തെളിയിക്കുന്ന സ്ത്രീകളുടെ വിജയഗാഥകൾ, സ്ത്രീ നിയമങ്ങൾ, സ്ത്രീകൾക്കായി സർക്കാർ സ്ഥാപിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങളെക്കുറിച്ചിട്ടുള്ള വിവരങ്ങൾ എന്നിവയാണ് 'keralawomen' ൽ ഉൾപ്പെടുത്തിയിട്ടുള്ളത് |
| (സി) | സ്ത്രീശാക്തീകരണത്തിനായി നടപ്പാക്കുന്ന എല്ലാ പദ്ധതികളെ സംബന്ധിച്ചും പൂർണ്ണ വിവരങ്ങൾ പോർട്ടലിൽ ഉൾപ്പെടുത്തുമോ; | (സി) ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | സ്ത്രീകളുടെ രചനകൾ ജാലികയിൽ ഉൾപ്പെടുത്തുന്നുണ്ടോ; | (ഡി) സ്ത്രീകളുടെ രചനകൾ ജാലികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. ശർമ്മിള ശ്രീകുമാർ, ശ്രീമതി. ജെ.ദേവിക, ഡോ. ഐറിസ് കൊയിലിയോ, ശ്രീമതി. ശാരദാ മുരളീധരൻ, അഡ്വക്കേറ്റ് സന്ധ്യ തുടങ്ങി പ്രശസ്തരായ പല വ്യക്തികളും ഈ വെബ്പോർട്ടലിനു വേണ്ടി എഴുതിയിട്ടുണ്ട്. ഇതു കൂടാതെ സംസ്കാരിക മേഖലയിൽ ജോലി ചെയ്യുന്ന ശ്രീമതി. ലൈല (ക്യാമറ വുമൺ) ശ്രീമതി.പുഷ്പവതി (ഗായിക, സംഗീത സംവിധായിക) ശ്രീമതി ശ്രീബാല (സിനിമാ സംവിധായിക ) എന്നിങ്ങനെ വിവിധ മേഖലകളിൽ പ്രശസ്തരായ സ്ത്രീകളും യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികളും ഇതിൽ എഴുതിയിട്ടുണ്ട്. |
| (ഇ) | വെബ്പോർട്ടൽ പ്രതിദിനം എത്ര പേർ സന്ദർശിക്കുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ഇ) ഉണ്ട്. ഇന്ത്യക്കകത്തുനിന്നും കൂടാതെ വിവിധ വിദേശ രാജ്യങ്ങളിൽ നിന്നും നിരവധിപേർ ഈ വെബ്പോർട്ടൽ സന്ദർശിക്കാറുണ്ട്. 2009 ജൂലൈ 1 മുതൽ ജൂലൈ 17 വരെ ഈ വെബ്പോർട്ടൽ സന്ദർശിച്ചവരുടെ രാജ്യം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 669

24-7-09 ൽ മറുപടിയ്ക്ക്

## വസ്ത്ര നിർമ്മാണമേഖല മെച്ചപ്പെടുത്തുന്നതിന് നടപടി

**ചോദ്യം**

ശ്രീ. പി.ജയരാജൻ

ശ്രീ. കെ.വി.അബ്ദുൾ ഖാദർ

ശ്രീ. വി.ചെന്താമരാക്ഷൻ

ശ്രീ. കെ.കെ.ദിവാകരൻ

ശ്രീ. വി.ജെ.തങ്കപ്പൻ

**മറുപടി**

ശ്രീ. എളമരം കരീം

(വ്യവസായ വകുപ്പു മന്ത്രി)

എ) സർക്കാരിന്റെ വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെവസ്ത്ര നിർമ്മാണമേഖല മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

എ) ടെക്സ്ഫെഡ്:- കേരളത്തിലെ വസ്ത്ര വ്യവസായ രംഗത്തെ പ്രധാനപ്പെട്ട മൂന്ന് മേഖലകളായ യന്ത്രത്തറി നെയ്ത്ത്, പ്രൊസസിംഗ്, ഗാർമെന്റ് മേക്കിംഗ് എന്നിവയെ ബന്ധപ്പെടുത്തിക്കൊണ്ട് ആധുനിക രീതിയിലുള്ള വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് കാലിക്കറ്റ് സംയോജിത യന്ത്രത്തറി സഹകരണ സംഘത്തെ പ്രാപ്തമാക്കുന്നതിന് ലക്ഷ്യമിട്ട് 242 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി അംഗീകരിച്ച് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഡൈയിംഗ് യൂണിറ്റ് ഈ വർഷം തന്നെ വ്യാവസായികാടിസ്ഥാനത്തിൽ ഉത്പാദനം ആരംഭിക്കുന്നതാണ്. ഇവിടെ ഒരു വസ്ത്ര നിർമ്മാണ യൂണിറ്റ് കൂടി സ്ഥാപിക്കുന്നതിനായി 176 ലക്ഷം രൂപയുടെ ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ തുക ഉടനെ ലഭ്യമാക്കി ആധുനിക രീതിയിലുള്ള വസ്ത്ര നിർമ്മാണ യൂണിറ്റ് ഈ വർഷം തന്നെ പ്രവർത്തനസജ്ജമാക്കാൻ ഉദ്ദേശിക്കുന്നു.

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ:-സംസ്ഥാനതല പൊതു മേഖലാ സംരംഭങ്ങളുടെ (എസ്.എൽ.പി.ഇ) നവീകരണം സംസ്ഥാന സർക്കാരിന്റെ വ്യവസായ വാണിജ്യ നയത്തിലെ ഒരു പ്രധാന ഇനമാണ്. ടെക്സ്റ്റയിൽസ് കോർപ്പറേഷനുകീഴിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകൾ പുനരുദ്ധരിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ തുടർന്നു വരുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | പൊതുമേഖലയിലെയും സഹകരണ രംഗത്തെയും വസ്ത്ര നിർമ്മാണ മില്ലുകളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ; | ബി) | ഉണ്ട്.<br>ടെക്സ്ഫെഡ്:- ചോദ്യം (എ) യുടെ ഉത്തരമായി നൽകിയിട്ടുണ്ട്.<br>**<u>കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷൻ:-</u>**ഈ കോർപ്പറേഷന്റെ കീഴിലുള്ളമില്ലുകളുടെ നവീകരണ ത്തിനായി 22.12 കോടി രൂപയുടെ പദ്ധതി സർക്കാർ അംഗീകരിക്കുകയുണ്ടായി. ഈ പദ്ധതിക്കായി 10.29 കോടി രൂപ സർക്കാർ വിഹിതമായി നൽകിയിട്ടുണ്ട്. ഇതിൽ കോട്ടയം ടെക്സ്റ്റയിൽസിന് 3.36 കോടി രൂപയും പ്രഭുറാം മിൽസിന് 4.27 കോടി രൂപയും എടരിക്കോട് ടെക്സ്റ്റയിൽസ് 2.3 കോടി രൂപയും മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസിന് 12.19 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നത്. |
| സി) | യന്ത്രത്തറികളുടെ സാങ്കേതിക മേന്മയ്ക്കായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | ഗാർഹിക കൈത്തറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | ഡി) | ഉണ്ട്. കൈത്തറി & ടെക്സ്റ്റയിൽസ് വകുപ്പു വഴി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന താഴെ പറയുന്ന പദ്ധതികൾ ഗാർഹിക കൈത്തറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഉപകരിക്കുന്നതാണ്.<br>1) അസംസ്കൃത വസ്തുവായ നൂൽ, ചായങ്ങൾ എന്നിവ ന്യായ വിലയ്ക്ക് നൽകുന്നു.<br>2) പുതിയ പ്രാദേശിക മേഖലാ ബ്രാന്റുകളുടെ വികസനം<br>3) ഭൗമ സൂചിക ആക്ട് അനുസരിച്ച് പ്രാദേശിക ഉൽപ്പന്നങ്ങളുടെ രജിസ്ട്രേഷൻ<br>4)നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം.<br>5) ക്ളസ്റ്ററുകളുടെയും ഗ്രൂപ്പ് നെയ്ത്തുകാരുടെയും രൂപീകരണവും ധനസഹായവും.<br>6) ആഴ്ചയിൽ ഒരു ദിവസം സ്കൂൾ കുട്ടികളും സർക്കാർ ഉദ്യോഗസ്ഥരും കൈത്തറി/ഖാദി വസ്ത്രങ്ങൾ ധരിക്കുന്നതിനുള്ള പ്രചാരണം. |

7) വിൽപ്പന മേളകൾ, വിപണന പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

8) കയറ്റുമതി, വികസന, വിപണന പദ്ധതി വഴി ധനസഹായം.

9) ഹാൻടെക്സിനും ഹാൻവീവിനും പ്രാഥമിക കൈത്തറി സംഘങ്ങൾക്കും സർക്കാർ ഓഹരി പങ്കാളിത്തം.

10) കൈത്തറി തൊഴിലാളികൾക്കു വേണ്ടി ക്ഷേമപദ്ധതികൾ.

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം<br>നം. 670 | 24.7.2009-ൽ മറുപടിക്ക് |
|---|---|

### സർക്കാർ സർവീസിലുള്ള നേഴ്സുമാർക്ക് വിദേശ ജോലി സ്വീകരിക്കുന്നതിന് അവധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി.എ. റഹീം<br>ശ്രീ. കെ.ടി.ജലീൽ<br>ശ്രീ. ടി.പി.കുഞ്ഞുണ്ണി<br>ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>**(ആരോഗ്യവും** സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സർക്കാർ സർവീസിലുള്ള നേഴ്സുമാർക്ക് വിദേശ ജോലി സ്വീകരിക്കുന്നതിന് അവധി അനുവദിക്കുന്നതിന് ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ ഈ സർക്കാർ പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ; | എ) സർക്കാർ സർവീസിലെ നേഴ്സുമാർക്ക് വിദേശ ജോലി സ്വീകരിക്കുന്നതിന് അവധി അനുവദിക്കുന്നതിനുണ്ടായിരുന്ന നിയന്ത്രണങ്ങൾ ഭാഗികമായി പിൻവലിച്ചിട്ടുണ്ട്. ഇതനുസരിച്ച് പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ച നേഴ്സുമാർക്ക് വിദേശ ജോലിസ്വീകരിക്കുന്നതിന് ഇപ്പോൾ അവധി അനുവദനീയമാണ്. എന്നാൽ സേവനകാലയളവിൽ ഇപ്രകാരം എടുക്കാവുന്ന പരമാവധി അവധി കാലയളവ് പത്ത് വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| ബി) ആരോഗ്യ വകുപ്പിൽ നിന്നും എത്ര നേഴ്സുമാർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; | ബി) ആരോഗ്യ വകുപ്പിൽ നിന്നും 698 നേഴ്സുമാർ അവധിയെടുത്ത് വിദേശത്ത് ജോലി ചെയ്യുന്നുണ്ട്. |
| സി) സംസ്ഥാനത്ത് ഇപ്പോൾ നേഴ്സുമാരുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടോ; | സി) ഇല്ല. |
| ഡി) സംസ്ഥാനത്ത് നേഴ്സിംഗ് പഠനത്തിന് കൂടുതൽ സ്ഥാപന ങ്ങൾ ആരംഭിക്കുമോ? | ഡി) സംസ്ഥാനത്ത് നേഴ്സിംഗ് പഠനത്തിന് കൂടുതൽ സ്ഥാപന ങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 671. 24-07-2009-ൽ മറുപടിയ്ക്ക്

സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സബ് സെന്റർ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.പി.മുഹമ്മദ്:<br>ശ്രീ.എം.മുരളി:<br>ശ്രീ.കെ.ശിവദാസൻ നായർ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ സബ് സെന്റർ കേരളത്തിൽ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എവിടെ എന്നു പറയുമോ ;<br><br>(ബി)<br>ഇതിന് എത്ര സ്ഥലമാണ് 'സായ്' ആവശ്യപ്പെടുന്നത്; ആവശ്യമായ സ്ഥലം നൽകാൻ ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ഭൂമി കണ്ടെത്തിയത് എന്നറിയിക്കുമോ; | (എ) യും (ബി) യും<br>ഇല്ല. എന്നാൽ ഇത് സംബന്ധിച്ച് ഒരു നിർദ്ദേശം ഉണ്ടാവുകയും സായിയുടെ ഒരു ഉന്നതാധികാര സമിതി 2009 ഏപ്രിൽ മാസത്തിൽ കേരളം സന്ദർശിക്കുകയും ഇപ്പോൾ എൽ.എൻ.സി.പി.ഇ. സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സമീപത്തായി ഏറ്റവും കുറഞ്ഞത് 20 ഏക്കർ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ സായിയുടെ സബ്സെന്റർ അവിടെ തുടങ്ങുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് ചർച്ചകൾ നടന്നു വരുന്നു. |
| (സി)<br>എൽ.എൻ.സി.പി.ഇ.യെ അപ്ഗ്രേഡ് ചെയ്ത് സബ്സെന്റർ ആക്കുമോ; എങ്കിൽ അതിനുള്ള കാലതാമസം എന്തെന്ന് പറയുമോ; | (സി)<br>എൽ.എൻ.സി.പി.ഇ.യെ അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |
| (ഡി)<br>നാഷണൽ ഗെയിംസ് നടക്കുവാൻ പോകുന്ന സാഹചര്യത്തിൽ കേരളത്തിലെ കായിക താരങ്ങൾക്ക് സബ്സെന്റർ ഉണ്ടാകുന്നതോടു കൂടി കൂടുതൽ പ്രയോജനം ഉണ്ടാകുമോ ? | (ഡി)<br>ഉണ്ടാകും. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 672 24-07-2009 ൽ മറുപടിക്ക്

### ആരോഗ്യ കുടുംബക്ഷേമ പ്രവർത്തന രംഗത്ത് കൈവരിച്ച നേട്ടം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. പി. കുഞ്ഞുണ്ണി :<br>ശ്രീ. എം. കെ. പുരുഷോത്തമൻ :<br>ശ്രീ. മുരളി പെരുനെല്ലി :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. എ. എം. ആരിഫ് : | ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തന രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടം വ്യക്തമാക്കുമോ ; | എ) ആരോഗ്യ കുടുംബക്ഷേമ രംഗത്ത് കേരളം മികച്ച നേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. ഇത് വിവിധ ആരോഗ്യ സൂചികകളിലൂടെ വ്യക്തമാണ്. ആരോഗ്യ സൂചികകൾ താഴെ പറയും പ്രകാരമാണ്. |

| ക്രമ നം. | ആരോഗ്യ സൂചികകൾ | അഖിലേന്ത്യാ ശരാശരി | |
|---|---|---|---|
| | | കേരളം | ഇൻഡ്യ |
| 1 | ബർത്ത് റേറ്റ് | 14.70 | 23.10 |
| 2 | ഡെത്ത് റേറ്റ് | 6.80 | 7.40 |
| 3 | നാച്ച്യുറൽ ഗ്രോത്ത് റേറ്റ് | 7.90 | 15.70 |
| 4 | ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് | 13.00 | 55.00 |
| 5 | നിയോനാറ്റൽ മോർട്ടാലിറ്റി റേറ്റ് | 8.50 | 47.00 |
| 6 | സ്റ്റിൽ ബർത്ത് റേറ്റ് | 7.00 | 9.00 |
| 7 | ടോട്ടൽ മോർട്ടാലിറ്റി റേറ്റ് | 1.70 | 2.70 |
| 8 | കപ്പിൾ പ്രൊട്ടക്ഷൻ റേറ്റ് | 62.30 | 52.00 |
| 9 | മറ്റേണൽ മോർട്ടാലിറ്റി റേറ്റ് | 95 | 254 |

(അവലംബം സ്പെഷ്യൽ ബുള്ളറ്റിൻ ഓൺ എം.എം.ആർ)

അനീമിയ (സ്ത്രീകളിൽ)

| (15-45 വയസ്സ്) | | |
|---|---|---|
| അവിവാഹിതർ | 32.80 | 55.30 |
| ഗർഭിണികൾ | 33.10 | 57.80 |

| | |
|---|---|
| | സജീവ ജനനം<br>2007-08 - 541263<br>2008-09 - 501534<br>മാതൃ മരണം<br>2007-08 - 172<br>2008-09 - 179<br>99.8% പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്നു. |
| (ബി) കഴിഞ്ഞ രണ്ടു വർഷക്കാലം എത്രപേർ വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരായിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ; | ബി) 2008-09 വർഷത്തിൽ ആകെ 130059 പേരും, 2007-08 വർഷത്തിൽ ആകെ 129889 പേരും വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരായി. |
| സി) വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ ഏതെല്ലാം ആശുപത്രികളിൽ പ്രവർത്തിക്കുന്നുണ്ട് ; ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | സി) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് എന്നി മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലും വന്ധ്യതാ നിവാരണ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 673** **24.7.09-ൽ മറുപടിക്ക്**

**'ഹാൻടെക്സ് നവീകരണം'**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. വി.ശശികുമാർ<br>ശ്രീ. എസ്.രാജേന്ദ്രൻ<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) ഹാൻടെക്സിൽ നടപ്പാക്കുന്ന നവീകരണ പദ്ധതികൾ എന്തൊക്കെയാണ് ; വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ഹാൻടെക്സിന്റെ വിൽപനശാലകൾ നവീകരിക്കുന്നതിനും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുമായി 2.4 കോടി രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡി.ഡി.എച്ച്.പി.വൈ പ്രകാരം ഹാൻടെക്സിന് ലഭിച്ചിട്ടുണ്ട്. ഈ തുക വിനിയോഗിച്ച് 16 വിൽപ്പനശാലകൾ നവീകരിക്കാനാണ് പദ്ധതി. 4 വിൽപ്പനശാലകൾ നവീകരിച്ചു കഴിഞ്ഞു. ബാക്കി 12 എണ്ണം നവീകരിക്കുന്നതിനും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>ഹാൻടെക്സ് പ്രോസസ്സ് ഹൗസ് നവീകരിക്കുന്നതിനായി 1 കോടി രൂപയും ഹാൻടെക്സിന്റെ തിരുവനന്തപുരത്തുള്ള വീവറിയുടെ സാങ്കേതിക നിലവാരം ഉയർത്തുന്നതിനായി 6.5 ലക്ഷം രൂപയും, വടകര, തൃശൂർ, മൂന്നാർ എന്നീ സ്ഥലങ്ങളിൽ വിൽപ്പനശാലകൾ നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനുമായി 25 ലക്ഷം |

രൂപയും സംസ്ഥാന സർക്കാർ ഹാൻടെക്സിന് നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നഷ്ടത്തിലുള്ള ഷോറൂമുകൾ ലാഭകരമാക്കാനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഹാൻടെക്സിന്റെ നഷ്ടത്തിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം അവലോകനം ചെയ്ത്, നഷ്ടത്തിലാകുന്നതിന്റെ കാരണം വിലയിരുത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചു വരുന്നു.

ഓരോ പ്രദേശത്തേയും വിപണിക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ പ്രത്യേകമായി ഉൽപ്പാദിപ്പിച്ച് ആവശ്യമായ അളവിൽ ഈ വിൽപ്പനശാലകൾക്ക് നൽകാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ അപര്യാപ്തത പരിഹരിച്ച് പ്രാപ്തിയുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

(സി) കൈത്തറി കയറ്റുമതി കുറഞ്ഞതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഹാൻടെക്സിന് 2007-08 വർഷം വരെ വളരെ ചെറിയ അളവിൽ കയറ്റുമതി ഓർഡർ ലഭിച്ചിരുന്നു. അതിനുശേഷം കയറ്റുമതി ഓർഡർ ലഭിച്ചിട്ടില്ല. ആഗോള സാമ്പത്തിക മാന്ദ്യം കയറ്റുമതി കുറഞ്ഞതിന് കാരണമാണ്.

(ഡി) ഹാൻടെക്സിന്റെ നവീകരണത്തി നും വികസന പ്രവർത്തനങ്ങൾക്കു മായി നൽകിയ സഹായം എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

(ഡി) ചോദ്യം (എ)യുടെ മറുപടിയിൽ പറഞ്ഞിട്ടുള്ള തുകകൾക്കു പുറമെ 2 കോടി രൂപ ഹാൻടെക്സിന്റെ വികസനത്തിനു വേണ്ടിയും, 120 ലക്ഷം രൂപ ഹാൻടെക്സിനെ ശക്തിപ്പെടുത്താനായും നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.674 — 24.7.2009ൽ മറുപടിയ്ക്ക്.

## അനാഥാലയങ്ങൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ്.എം.പുതുശ്ശേരി:<br>ശ്രീ.തോമസ് ചാഴികാടൻ:<br>ശ്രീ.റോഷി അഗസ്റ്റിൻ: | ശ്രീമതി.പി.കെ.ശ്രീമതിടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ അനാഥാലയങ്ങളിൽ കുട്ടികളെ ചേർക്കുന്നതിനുള്ള വാർഷിക വരുമാനത്തിനു പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (എ) | വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്; 11,000/-രൂപ. |
| (ബി) | കേന്ദ്ര സർക്കാരിൻെറ തൊഴിലുറപ്പു പദ്ധതി പ്രകാരം, നിർദ്ധനരും ദുർബലരുമായവർക്കു തൊഴിലുകൾ നൽകുന്ന പശ്ചാത്തലത്തിൽ, വില്ലേജ് ആഫീസർമാർ ഇക്കാര്യത്തിനായി നൽകുന്ന സാക്ഷ്യപത്രത്തിലെ വാർഷിക വരുമാന പരിധി 20,000 രൂപയാക്കി ഉയർത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | വരുമാനപരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | ഓർഫനേജുകളിലെ കുട്ടികൾക്ക് അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ കുറഞ്ഞ വിലയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) | സംസ്ഥാനത്തെ സാമൂഹ്യക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുള്ള ഓർഫനേജുകളിലെ അന്തേവാസികൾക്ക് പ്രായഭേദമെന്യേ റേഷൻ സാധനങ്ങൾ ബി.പി.എൽ നിരക്കിൽ നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഓർഫനേജുകൾക്കു സ്വന്തമായുള്ളവയിൽ ഒരു വാഹനത്തിനെങ്കിലും ടാക്സ് ഒഴിവാക്കുക, ഗ്യാസ് സിലിണ്ടറിന് സബ്സിഡി അനുവദിക്കുക എന്നിവ സർക്കാർ പരിഗണിച്ചുത്തരവാകുമോ? | (ഡി) | അനാഥാലയങ്ങളുടെ വാഹനങ്ങൾക്ക് , പ്രസ്തുത വാഹനം അനാഥാലയത്തിലെ അന്തേവാസികളുടെ യാത്രയ്ക്കു മാത്രം ഉപയോഗിക്കുന്നതാണെങ്കിൽ, പ്രസ്തുത അനാഥാലയം യഥാർത്ഥമായ ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന സ്ഥാപനമാണെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർ സാക്ഷ്യപ്പെടുത്തുന്ന പക്ഷം നികുതിയിളവിന് അർഹതയുണ്ട്. കേന്ദ്ര സർക്കാർ സബ്സിഡി നൽകിയാണ് ഗാർഹിക പാചകവാതക സിലിണ്ടറുകൾ അനുവദിക്കുന്നത്. ഈ സബ്സിഡിയ്ക്ക് പുറമേ, ഗ്യാസ് സിലിണ്ടറുകൾക്ക് സംസ്ഥാന സർക്കാരിന് സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ല. |

R. Vijayaka

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം : 676 — 24.7.2009 -ൽ മറുപടിക്ക്

## "കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റി"

| ചോദ്യം<br>ശ്രീ. പി.സി.ജോർജ് | ഉത്തരം<br>ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| എ) കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചതെന്ന് അറിയിക്കാമോ; | എ) കമാന്റ് ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ പ്രവർത്തനം 1974 മുതൽ സംസ്ഥാനത്ത് ആരംഭിച്ചു. 1986 മാർച്ച് മുതൽ കാഡ ഓട്ടോണമസ് സ്ഥാപനമായി അംഗീകരിക്കപ്പെട്ടു. |
| ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ എത്ര വൻകിട പദ്ധതികൾ ഉണ്ട്; അവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | ബി) നിലവിൽ കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ മൂന്ന് പദ്ധതികളാണ് കാഡ പ്രോഗ്രാമിലുള്ള ജലസേചന പദ്ധതികൾ.<br>മലമ്പുഴ,വാളയാർ, പോത്തുണ്ടി, ഗായത്രി, മംഗലം, പീച്ചി, വാഴാനി, ചീരക്കുഴി, ചാലക്കുടി, നെയ്യാർ എന്നീ 10 പദ്ധതികളിലാണ് കാഡ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1992-93-ൽ കുറ്റ്യാടി, ചിറ്റൂർ പുഴ, പമ്പ, പെരിയാർവാലി എന്നീ 4 പദ്ധതികൾ കൂടി കാഡ പ്രോഗ്രാമിൽ ഉൾപ്പെടുത്തി. 1999-ൽ കാഞ്ഞിരപ്പുഴ, പഴശ്ശി എന്നീ പദ്ധതികളും 2007-ൽ കല്ലട പദ്ധതിയും കാഡ പ്രോഗ്രാമിൽ ഉൾപ്പെടുത്തി. ഇതിൽ മലമ്പുഴ, വാളയാർ, പോത്തുണ്ടി, ഗായത്രി മംഗലം, പീച്ചി വാഴാനി, ചീരക്കുഴി ചാലക്കുടി നെയ്യാർ, കുറ്റ്യാടി ചിറ്റൂർപുഴ, പമ്പ, പെരിയാർ വാലി എന്നീ 14 പദ്ധതികളിൽ കാഡ പ്രവർത്തനങ്ങൾ ക്ലോസ് ചെയ്തു. |

| | | | |
|---|---|---|---|
| സി) | കാഡയുടെ പ്രവർത്തനങ്ങൾ വഴി സംസ്ഥാനത്തെ കൃഷിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുന്നത്; | സി) | കാഡയുടെ വിവിധ പദ്ധതി പ്രദേശങ്ങളിലെ കൃഷിയിടങ്ങളിലേക്ക് ആവശ്യമായ വെള്ളം എത്തിക്കുന്നതിനു വേണ്ട ചാനലുകൾ, ഡ്രെയിനുകൾ മുതലായവ കർഷക സമിതികൾ (BFA) മുഖേന നിർമ്മിക്കുകയും അതിന്റെ നിയന്ത്രണം പ്രസ്തുത കർഷക സമിതിയെ ഏൽപ്പിക്കുകയും ചെയ്യുന്നു. കൂടാതെ കാഡയുടെ കാർഷികവിഭാഗത്തിന്റെ കീഴിൽ നെല്ലുല്പാദനത്തിന്റെ വർദ്ധനവിനെ ലക്ഷ്യമാക്കി കാർഷിക വികസന പരിപാടികൾ-പരിശീലനം, ഡെമോൺസ്ട്രേഷൻ തുടങ്ങിയവ-നടത്തി വരുന്നുണ്ട്. കാഡയുടെ കീഴിലുള്ള സഹകരണ വിഭാഗം വഴി പൂർത്തീകരിച്ച കാഡ ചാനലുകളുടെ അറ്റകുറ്റ പണികൾക്കു വേണ്ടി ഹെക്ടർ ഒന്നിന് 1000/- രൂപ നിരക്കിൽ മാനേജീരിയൽ സബ്സിഡി ഗുണഭോക്തൃ കർഷക സമിതികൾക്ക് അനുവദിച്ചു നൽകുന്നു. |
| ഡി) | ഫാംറോഡുകളുടെ നിർമ്മാണപ്രവർത്തനം ഇപ്പോൾ 'കാഡ' ഏറ്റെടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ? | ഡി) | 2002-2003 വർഷത്തിൽ 2 കോടി രൂപയും 2004-2005 വർഷത്തിൽ 1.84 കോടി രൂപയും സപ്ലിമെന്ററി ഗ്രാന്റായും 2006-07 വർഷത്തിൽ റീഅപ്രോപ്രിയേഷൻ മുഖാന്തിരം 177 ലക്ഷം രൂപയും ലഭിയ്ക്കുകയും പ്രസ്തുത വർഷങ്ങളിൽ ഫാംറോഡ് നിർമ്മാണ പ്രവർത്തനങ്ങൾ കാഡ ഏറ്റെടുത്ത് നടത്തുകയും ചെയ്തിരുന്നു. 2007-2008, 2008-2009 വർഷത്തിലും നടപ്പു സാമ്പത്തികവർഷത്തിലും ഈ ആവശ്യത്തിലേക്കായി ഫണ്ട് ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ ഫാംറോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് പുതിയ പ്രവർത്തികൾ കാഡ ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 676

24.07.2009 ലെ മറുപടിയ്ക്ക്

**ബേപ്പൂരിലെ മറൈൻ പാർക്ക്**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പി.കൃഷ്ണപ്രസാദ് | ശ്രീ.എളമരം കരീം<br>(ബഹു.വ്യവസായ വകുപ്പ് മന്ത്രി) |
| (എ)കിൻഫ്രയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കിൻഫ്രയുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിനകത്തും പുറത്തും നടന്ന വ്യവസായ നിക്ഷേപ സംഗമങ്ങളിൽ വിവിധ മേഖലകളിലുള്ള നിക്ഷേപകരുമായി കിൻഫ്രയ്ക്ക് ആശയവിനിമയം നടത്തുന്നതിന് അവസരം ഉണ്ടാക്കുകയും അതുവഴി വ്യവസായങ്ങൾ ആരംഭിയ്ക്കുന്നതിന് ധാരണാപത്രത്തിൽ ഏർപ്പെടുകയും അവ യാഥാർത്ഥ്യമാവുകയും ചെയ്യിട്ടുണ്ട്.<br>ഇവ കൂടാതെ കിൻഫ്രയുടെ പ്രവർത്തനം പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും വിവിധ മേഖലകളിലുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വികസനം ലക്ഷ്യമിട്ടും താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ പാർക്ക്, കഞ്ചിക്കോട്, പാലക്കാട്<br>2. മെഗാഫുഡ് പാർക്ക്, വയനാട്<br>3. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്<br>4. മറൈൻ പാർക്ക്, ബേപ്പൂർ, കോഴിക്കോട്<br>5. സ്പൈസസ് പാർക്ക്, ഇടുക്കി<br>6. കേരാ പാർക്ക്, തൃശ്ശൂർ<br>7. ഇലക്ട്രോണിക്സ് പാർക്ക്, മഞ്ചേശ്വരം, കാസർഗോഡ്<br>8. റബ്ബർ പാർക്ക്, റാന്നി, പത്തനംതിട്ട<br>9. പാരമ്പര്യേതര ഊർജ്ജ പാർക്ക്, പാലക്കാട് |

| | |
|---|---|
| | കിൻഫ്രയുടെ നേതൃത്വത്തിൽ വിവിധ നൂതന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിനു വേണ്ടി താഴെ പറയുന്ന സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തി അവ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>1. കോലിയക്കോട്, തിരുവനന്തപുരം<br>2. നാട്ടകം, കോട്ടയം<br>3. ഒറ്റപ്പാലം, പാലക്കാട്<br>4. നന്മണ്ട, കോഴിക്കോട്<br>5. അങ്കമാലി, എറണാകുളം<br>6. ചെറുവായൂർ, മലപ്പുറം<br>7. തുറവൂർ, ആലപ്പുഴ<br>8. പരവൂർ, കൊല്ലം<br>9. നീലേശ്വരം, കാസർഗോഡ്<br>10. മടിക്കൈ, കാസർഗോഡ്<br>11. മട്ടന്നൂർ, കണ്ണൂർ. |
| (ബി) ബേപ്പൂരിൽ മത്സ്യബന്ധന വകുപ്പും കിൻഫ്രയും സംയുക്തമായി ആരംഭിക്കുന്ന മറൈൻ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | (ബി)കിൻഫ്രയുടെ നേതൃത്വത്തിൽ ബേപ്പൂരിൽ ആരംഭിയ്ക്കാനുദ്ദേശിക്കുന്ന മറൈൻ പാർക്കിനു വേണ്ടി 30 ഏക്കർ ഭൂമി കണ്ടെത്തി കഴിഞ്ഞു. ഇതിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. അക്വിസിഷൻ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| സി) കാസർഗോഡ് ഇലക്ട്രോണിക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (സി) കാസർഗോഡ് ജില്ലയിൽ കിൻഫ്ര ആരംഭിയ്ക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക്സ് പാർക്കിനു വേണ്ടി 500 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

Mani B.V.S

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 677 24.7.2009 -ൽ മറുപടിയ്ക്ക്

## നിയമസാക്ഷരതയ്ക്ക് നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം ;<br>ശ്രീ. സാജു പോൾ ;<br>ശ്രീ. എ .എം. ആരിഫ് ;<br>ശ്രീ. എം. ഹംസ ; | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിയമ അവബോധം സൃഷ്ടിക്കുവാൻ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ ; | കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, മനുഷ്യാവകാശ സംരക്ഷണ നിയമത്തെപ്പറ്റിയും കാലികമായി വ്യക്തികളെ സ്പർശിക്കുന്ന വിവിധ വിഷയങ്ങളിൽ മനുഷ്യാവകാശം എത്രമാത്രം സംരക്ഷിക്കപ്പെടുന്നുവെന്നും കുറവുകൾ എങ്ങനെ പരിഹരിക്കാം എന്നുമുള്ള വീക്ഷണത്തോടെ പ്രസ്തുതമേഖലയിൽ വിചക്ഷണരായവരെ കൊണ്ട് എല്ലാ ജില്ലകളിലും സെമിനാറുകളും ചർച്ചകളും ബോധവത്കരണ ക്ലാസുകളും സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ചു വരുന്നു. പ്രസ്തുത വിഷയത്തെപ്പറ്റി ലഘുലേഖകളും അച്ചടിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ മനുഷ്യാവകാശം കൂടുതൽ ഹനിക്കപ്പെടാൻ സാധ്യതയുള്ള |

മേഖലകളിൽ സേവനം നടത്തി വരുന്ന പോലീസ്, എക്സൈസ്, വനം, ജയിൽ എന്നീ വിഭാഗം ജീവനക്കാർക്കുവേണ്ടി 'Protection of Human Rights to Police Personnel' എന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും അവർക്ക് വേണ്ടി പ്രത്യേകം ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി അതിന്റെ അനുബന്ധ സ്ഥാപനങ്ങളായ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നിവയുടെ നേതൃത്വത്തിൽ, സർക്കാർ വകുപ്പുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും വിദ്യാഭ്യാസ സാംസ്കാരിക സംഘടനങ്ങളുമായും യോജിച്ച് സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ നിയമാവബോധം സൃഷ്ടിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. നിയമ സാക്ഷരതാ പ്രവർത്തനങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, കുടുംബശ്രീ അംഗങ്ങൾ എന്നീ വിഭാഗങ്ങളെ കേന്ദ്രീകരിച്ചാണ് പ്രധാനമായും നടത്തി വരുന്നത്. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി പ്രസിദ്ധീകരിച്ച 'നിയമ പാഠം' എന്ന പുസ്തകം അടിസ്ഥാനപ്പെടുത്തി ഗവൺമെന്റ് സ്കൂളുകളിലെയും എയിഡഡ് സ്കൂളുകളിലെയും വിദ്യാർത്ഥികൾക്കായി പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും സ്കൂൾ അധികൃതരുടേയും

സഹകരണത്തോടെ നടത്തിപ്പോരുന്ന നിയമ സാക്ഷരതാ ക്ലാസ്സുകൾ ഈ അദ്ധ്യയന വർഷം മുതൽ സംസ്ഥാനത്തെ അൺ-എയിഡഡ്, (സി. ബി. എസ്സ്. ഇ. / ഐ. സി. എസ്സ്. ഇ.) ഉൾപ്പെടെ എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായി വരികയാണ്.

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള കോളേജുകളിൽ നിയമ സാക്ഷരതാ ക്ലാസുകൾ എല്ലാ വർഷവും നടത്തി വരികയാണ്. റാഗിങ് നിരോധന നിയമം, സൈബർ നിയമങ്ങൾ, ഗാർഹിക പീഡനത്തിനെതിരെയുള്ള നിയമങ്ങൾ എന്നീ നിയമങ്ങൾക്ക് പ്രാധാന്യം നൽകിയാണ് കോളേജുകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ക്യാംപസുകളിലെ റാഗിങ് ഫലപ്രദമായി തടയുന്നതിനായി റാഗിങ് നിരോധന നിയമത്തിലൂന്നി കോളേജുകളിൽ വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്കായി സംസ്ഥാന കുടുംബശ്രീ മിഷനുമായി സഹകരിച്ച് 'സ്ത്രീയും നിയമവും' എന്ന പുസ്തകം അടിസ്ഥാനപ്പെടുത്തി സി. ഡി. എസ്സ്. തലത്തിൽ നിയമസാക്ഷരതാ ക്ലാസ്സുകൾ എല്ലാ വർഷവും നടത്തുന്നുണ്ട്. അടിസ്ഥാന

നിയമങ്ങളെക്കുറിച്ചും പുതുതായി അവതരിപ്പിക്കപ്പെട്ട ഗാർഹിക പീഡനത്തിനെതിരെയുള്ള നിയമം, ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം എന്നിവയെ കുറിച്ചും സ്ത്രീകൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് ഈ ക്ളാസ്സുകൾ മുഖേന സാധിച്ചിട്ടുണ്ട്.

കൂടാതെ വിവിധ നിയമങ്ങൾ വ്യക്തിക്കും സമൂഹത്തിനും നൽകുന്ന പരിരക്ഷ, ഭരണഘടനാപരമായ അവകാശങ്ങളും കടമകളും എന്നിങ്ങനെയുള്ള വിഷയങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളുടെയും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളുടെയും ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്യാംപുകൾ നടത്തുന്നുണ്ട്. 2008-ൽ 1410 നിയമ ബോധവൽക്കരണ ക്യാംപുകളാണ് നടത്തിയത്. രണ്ടുലക്ഷത്തിൽപ്പരം ആളുകളാണ് ഈ ക്യാംപുകളുടെ ഗുണഭോക്താക്കളായിട്ടുള്ളത്.

ആലപ്പുഴ ജില്ലയിലെ ചെറിയനാട് പഞ്ചായത്തിനെ നൂറു ശതമാനം നിയമ സാക്ഷരത നേടിയ ഇൻഡ്യയിലെ ആദ്യത്തെ പഞ്ചായത്തായി 08.11.2008-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ചെറിയനാട് ഗ്രാമപഞ്ചായത്തിൻേറയും ചെങ്ങന്നൂർ താലൂക്ക് ലീഗൽ സർവ്വീസസ്

കമ്മിറ്റിയുടേയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന പ്രചരണ പരിപാടികളുടേയും നിയമ സാക്ഷരതാ യജ്ഞത്തിൻേറയും ഫലമായാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. നൂറു ശതമാനം നിയമ സാക്ഷരത എന്ന ലക്ഷ്യം മുൻനിർത്തി കുമിളി ഗ്രാമ പഞ്ചായത്ത് പീരുമേട് താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റിയുമായി ചേർന്ന് നിയമ സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

| | |
|---|---|
| (ബി) സർക്കാർ മുൻകൈയെടുത്ത് വിപുലമായ ജനപങ്കാളിത്തത്തോടെ നിയമസാക്ഷരതായജ്ഞം സംഘടിപ്പിക്കുവാൻ തയ്യാറാകുമോ ;<br><br>(സി) ഇതിനായി ഏതെങ്കിലും കേന്ദ്ര ഏജൻസികളിൽ നിന്നും ധനസഹായം ലഭിക്കുവാൻ പദ്ധതി തയ്യാറാക്കി സമർപ്പിക്കുമോ ;<br><br>(ഡി) നിയമസാക്ഷരത വ്യാപകമാക്കുവാൻ സംസ്ഥാന നിയമവകുപ്പ് പ്രത്യേക പ്രസിദ്ധീകരണം ആരംഭിക്കുമോ ? | പരിശോധിക്കുന്നതാണ്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 678 — 16-7-2009 —ൽ മറുപടിക്ക്

വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഭൂമി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ . സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം.എം. മോനായി | ശ്രീ. എളമരം കരീം<br>(ബഹു: വ്യവസായ വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഭൂമി സംരക്ഷിക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) കേരള സർക്കാരിലെ വ്യവസായ വകുപ്പിൻെറ കീഴിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള സിഡ്കോ, കിൻഫ്ര, കെ.എസ്. ഐ.ഡി.സി., പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ നിയന്ത്രണത്തിലുള്ള സർക്കാർ ഭൂമി വ്യക്തമായ വ്യവസ്ഥ പ്രകാരമാണ് നൽകിയിട്ടുള്ളത്. ഇവ വ്യവസായ ഏരിയ, വികസന പ്ലോട്ടുകൾ എന്നിവയിലെ ലാൻറ് അലോട്ട്മെൻറ്, അസൈൻമെൻറ് ചട്ടങ്ങൾ പ്രകാരമാണ് വ്യവസായ സംരഭകർക്ക് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ പാട്ട വ്യവസ്ഥയിലും ഭൂമി അനുവദിക്കപ്പെടുന്നുണ്ട്. മേൽ പറഞ്ഞ രീതിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഭൂമികളുടെ പൂർണ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണ്. ഭൂമി അനുവദിക്കുന്നത് മേൽപറഞ്ഞ ഏതു രീതിയിലായാലും അനുവദിച്ച നൽകിയിട്ടുള്ള വ്യക്തിക്കോ സ്ഥാപനത്തിനോ നിയന്ത്രിതമായ അവകാശമേയുള്ളൂ. പ്രസ്തുത ഭൂമി അനന്തരാവകാശികൾക്ക് കൈമാറാവുന്നതാണ് എന്നാൽ മറ്റു രീതിയിൽ കൈമാറ്റം ചെയ്യുന്നതിനോ പണയപ്പെടുത്തുന്നതിനോ സർക്കാരിൻെറ രേഖമൂലമുള്ള മുൻകൂർ അനുവാദം ആവശ്യമാണ്. കൂടാതെ അനുവദിച്ച ഭൂമി ഉപയോഗപ്പെടുത്താതെയോ അതിൽ വ്യവസായിക പ്രവർത്തനം നടത്താതെയോ വരുന്ന അവസ്ഥയിൽ അവ തിരിച്ചെടുക്കാനും വ്യവസായം നടത്തുന്നതിനായി ഭൂമിക്ക് അപേക്ഷിച്ച് കാത്തിരിക്കുന്നവർക്ക് അനുവദിച്ചു നൽകുന്നതിനും വ്യവസ്ഥയുണ്ട്. മേൽ പ്രകാരം അനുവദിക്കപ്പെടുന്ന ഭൂമി പണയപ്പെടുത്തി വായ്പ എടുത്ത് തിരിച്ചടവ് വരാത്ത ഘട്ടങ്ങളിൽ വായ്പ |

നൽകിയിട്ടുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് യഥേഷ്ടം ഈ ഭൂമി ലേലം ചെയ്തു വിൽക്കുവാൻ കഴിയുകയില്ല. പ്രസ്തുത ഭൂമി വ്യാവസായിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ എന്നതിനാൽ വ്യവസായ സംരംഭം ആരംഭിച്ചു നടത്തുന്നതിനായി മറ്റൊരു വ്യക്തിക്ക് നൽകുവാനേ കഴിയുകയുള്ളൂ. വ്യവസായ വികസന ഏരിയ / പ്ലോട്ടുകൾ, വ്യവസായ പാർക്കുകൾ / എസ്റ്റേറ്റുകൾ എന്നിവയിലെ ഭൂമിയിൽ പലതിനും ചുറ്റുമതിലുകൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. അല്ലാത്തവയ്ക്ക് ഘട്ടം ഘട്ടമായി ചുറ്റുമതിലുകൾ കെട്ടുന്നതാണ്.

| | |
|---|---|
| (ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടേയും മറ്റ് സ്ഥാപനങ്ങളുടേയും പേരിലുള്ള ഭൂമി അളന്ന് രേഖകൾ പ്രകാരമുള്ള ഭൂമി കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുമോ; | (ബി) വ്യവസായ വകുപ്പിന്റെ യും വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും അധീനതിയിലുള്ള ഭൂമി റവന്യൂ അധികൃതരുടെ സഹായത്തോടെ അളന്ന് രേഖകൾ പ്രകാരമുള്ള ഭൂമി കൈവശമുണ്ടെന്ന് ഉറപ്പുവരുത്തുന്തിനായി നിർദ്ദേശം നൽകുന്നതാണ്. |
| (സി) വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ? | (സി) വ്യവസായ വികസന ഏരിയ വികസന പ്ലോട്ടുകൾ വ്യവസായ പാർക്കുകൾ വ്യവസായ എസ്റ്റേറ്റുകൾ എന്നിവയിലെ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പുതിയ വ്യവസായ സംരംഭകരെ കണ്ടെത്തി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ച് പ്രവർത്തനക്ഷമമാക്കുക എന്നുള്ള നയമാണ് സ്വീകരിച്ചു വരുന്നത്. എന്നാൽ ഇപ്പോൾ വ്യവസായിക ആവശ്യത്തിനായി ഏറ്റെടുക്കുന്നതിന് ഭൂമിയുടെ ദൗർലഭ്യം അക്വിസിഷൻ ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് ബഹു നില വ്യവസായ ശാലകൾ നിർമ്മിക്കുന്നതു സംബന്ധിച്ച് പദ്ധതി തയ്യാറാക്കി വരുന്നു. കൂടാതെ പ്രവർത്തനരഹിതമായവയും പുനരുദ്ധരിക്കുവാൻ കഴിയാത്തവയുമായ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ഉപയോഗിച്ച് മറ്റു പൊതുമേഖലാ സ്ഥാപനത്തിനോ പൊതുമേഖലാ സ്ഥാപനവുമായി സന്ധിബന്ധം ചെയ്തുകൊണ്ടുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 679 | | 24.07.2009-ൽ മറുപടിയ്ക്ക് |
|---|---|---|
| **ഗാർഹിക പീഡന നിരോധന നിയമം** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ.വി.ഡി. സതീശൻ** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും<br>വകുപ്പുമന്ത്രി)** |
| (എ) | കേരളത്തിൽ ഗാർഹിക പീഡന നിരോധന നിയമം എന്നാണ് നിലവിൽ വന്നത്; | (എ) ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള കേന്ദ്ര നിയമം-2005, 26.10.2006 മുതൽ കേരളത്തിൽ നിലവിൽ വന്നു. |
| (ബി) | പ്രസ്തുത ആക്ട് നിലവിൽ വന്നതിനുശേഷം ഗാർഹിക പീഡനം വർദ്ധിച്ചിട്ടുണ്ടെന്ന വിവരം സർക്കാർ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഈ ആക്ട് നിലവിൽ വന്നതിനുശേഷം നടന്നിട്ടുള്ള ഗാർഹിക പീഡന കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ; | (ബി) ലഭ്യമായ കണക്കുകൾ പ്രകാരം ഗാർഹിക പീഡനത്തിൽ നേരിയ വർദ്ധനവ് കാണുന്നുണ്ട്. എന്നാൽ ഇത് പീഡനം വർദ്ധിച്ചതുകൊണ്ടാ- കാനിടയില്ല, മറിച്ച് ഈ നിയമത്തെക്കുറിച്ചും അതിൽ നിന്നും ലഭ്യമാകുന്ന സേവനത്തെപ്പറ്റിയും അവബോധം ജനങ്ങൾക്ക് ലഭിച്ചതുമൂലം കൂടുതൽ പേർ നിയമസഹായം തേടുന്നതുകൊണ്ടാകാം. സാമൂഹ്യക്ഷേമ വകുപ്പിന്റെ ജില്ലാതലത്തിലുള്ള പ്രൊബേഷൻ ഓഫീസർമാരിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരമുള്ള കേസ്സുകളുടെ എണ്ണം അനുബന്ധം (1) ലും സ്ത്രീധന പീഡനമടക്കം വനിതാ കമ്മീഷനിൽ ലഭ്യമായ കേസ്സുകളുടെ എണ്ണം അനുബന്ധം (2)ലും കാണാവുന്നതാണ്. |

| | | |
|---|---|---|
| (സി) | നിലവിലുള്ള സംവിധാനത്തിൽ പുരുഷന്മാരായ പ്രൊട്ടക്ഷൻ ഓഫീസർമാരോട് ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾ അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ മടി കാണിക്കുന്നുണ്ടോ; അതിനാൽ അവർക്ക് ശരിയായ വിധത്തിലുള്ള നിയമപരിരക്ഷ കിട്ടാതെ വരുന്നുണ്ടോ; | (സി) യും (ഡി) യും : ഇപ്രകാരം മടികാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗാർഹിക പീഡനത്തിന് വിധേയരാകുന്ന വനിതകൾക്ക് പൂർണ്ണമായും നിയമപരിരക്ഷ ഉറപ്പു വരുത്തുന്നുണ്ട്. 02.12.2008-ലെ സ.ഉ.(എം.എസ്) നം.67/2008/സാക്ഷേവ പ്രകാരം ഒരു ജില്ലയിൽ 1 വീതം 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൻ പ്രകാരം 14 വനിതാ പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | ഇപ്പോഴത്തെ സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.680 | 24.07.2009 ൽ മറുപടിയ്ക്ക് |

## തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ജെ.തങ്കപ്പൻ<br>" ആനത്തലവട്ടം ആനന്ദൻ<br>" ആർ.സെൽവരാജ്<br>" വി.ശിവൻകുട്ടി<br>" ബി.രാഘവൻ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിന് ഈ സർക്കാർ വന്നശേഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>പ്രധാനമന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷ യോജന പദ്ധതി പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് എം.എസ്.സി.നഴ്സിംഗ് ബ്ലോക്ക്, ബി.എസ്.സി.എം.എൽ.റ്റി.ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. അതിനോടനുബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ഒ.പി.ഡി.ബ്ലോക്ക്, ഗോൾഡൻ ജൂബിലി ബ്ലോക്ക് എന്നിവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. |
| (ബി) നവീകരണ പ്രവർത്തനങ്ങൾക്കും ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുമായി എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്; | (ബി) പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം 50 കോടി രൂപയുടെ ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ആധുനിക യന്ത്രോപകരണങ്ങളാണ് വാങ്ങുന്നത്; ആശുപത്രിയിൽ ഇപ്പോൾ എത്ര കിടക്കകൾ ഉണ്ട്; | (സി) പദ്ധതിയുടെ ഭാഗമായി എം.ആർ.ഐ.സ്കാൻ, ആധുനിക സി.റ്റി.സ്കാൻ, കാത്ത് ലാബ്, അൾട്രാ സൗണ്ട് ഡോപ്ലർ, വെന്റിലേറ്റർ, ഹാർട്ട് ലങ് മെഷീൻ, അനസ്തേഷ്യ മെഷീൻ ആന്റ് വർക്ക് സ്റ്റേഷൻസ്, ഒ.റ്റി.ലൈറ്റുകൾ, ഒ.റ്റി.ടേബിളുകൾ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 1650-കിടക്കകളാണ് നിലവിൽ ഉള്ളത്. |
| (ഡി) നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ എത്ര കിടക്കകൾ കൂടി ലഭ്യമാകും; | (ഡി) 280 കിടക്കകൾ കൂടി ലഭ്യമാകും. |
| (ഇ) നിർമ്മാണ പ്രവർത്തനങ്ങൾക്കൊപ്പം ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പി.എം.എസ്.എസ്.വൈ പ്രകാരം 2.3 കോടി രൂപ അറ്റകുറ്റപ്പണികൾക്കായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.681 24/07/2009-ൽ മറുപടിയ്ക്ക്

# മെഡിക്കൽ കോളേജ് അധ്യാപകരുടെ സമരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. പത്മനാഭൻ :<br>ശ്രീ. എ.സി. മൊയ്തീൻ :<br>ശ്രീ. മഞ്ഞളാംകുഴി അലി :<br>ശ്രീ. മുരളി പെരുനെല്ലി : | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | മെഡിക്കൽ കോളേജ് അധ്യാപകരുടെ സമരംമൂലം മെഡിക്കൽ കോളേജ് ആശുപത്രിയിലെ രോഗികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) മെഡിക്കൽ കോളേജ് അധ്യാപകർ പേവാർഡ് അഡ്മിഷൻ നടത്തുന്നില്ല എന്നതൊഴിച്ചാൽ രോഗികൾക്ക് മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | മെഡിക്കൽ കോളേജ് അധ്യാപകർ സമരത്തിന് ആധാരമായി ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) ശമ്പളപരിഷ്കരണം നടപ്പിലാക്കണമെന്നതാണ് അധ്യാപകരുടെ പ്രധാന ആവശ്യം. |
| (സി) | സമരം നടത്തുന്ന അധ്യാപക സംഘടനയുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (സി) സമരം നടത്തുന്ന അധ്യാപക സംഘടനയുമായി സർക്കാർ രണ്ടിലേറെ തവണ ചർച്ച നടത്തുകയും അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാമെന്ന് ഉറപ്പ് നല്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | കഴിഞ്ഞ ശമ്പള കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയതിനുശേഷം ഡോക്ടർമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (ഡി) & (ഇ) :<br>50% ഡി.എ. അവരുടെ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിച്ചിട്ടുണ്ട്. |
| (ഇ) | ഇതിന്റെ ഫലമായി എന്തുമാത്രം ശമ്പളവർദ്ധനവ് ഉണ്ടായിട്ടുണ്ട് ; | |

| | |
|---|---|
| (എഫ്) ഡോക്ടർമാരുടെ സമരം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഒരു മാസത്തിനുള്ളിൽ തന്നെ ഇതു നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സർക്കാർ സംഘടനകളെ അറിയിക്കുകയും അവർ പരീക്ഷാ ബഹിഷ്കരണം പോലുള്ള സമര പരിപാടികൾ പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 682 | 24.7.2009ൽ മറുപടിക്ക്

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.ബാബു.എം.പാലിശ്ശേരി<br>ശ്രീ. എം.ജെ.ജേക്കബ്ബ്<br>ശ്രീ.കെ.ടി.ജലീൽ<br>ശ്രീ.പി.ടി.എ.റഹീം. | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| എ. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ. 1. ജനപ്രതിനിധികൾ, യുവാക്കൾ, വിദ്യാർത്ഥികൾ, സ്ത്രീകൾ, സാമൂഹ്യസംഘടനകൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് പാർലമെന്ററി ജനാധിപത്യ ഭരണ സംവിധാനങ്ങളെ സംബന്ധിച്ച് പരിശീലനം നൽകുക<br>2. സർക്കാരിന്റെ നയപരിപാടികളെ സംബന്ധിച്ച പഠനങ്ങളും ഗവേഷണങ്ങളും സംഘടിപ്പിക്കുക.<br>3. ഇതര സംസ്ഥാനങ്ങളിലേയും മറ്റു രാജ്യങ്ങളിലേയും ജനാധിപത്യ സംവിധാനങ്ങൾ അടുത്തറിയുന്നതിനുള്ള പഠന സന്ദർശനങ്ങൾ സംഘടിപ്പിക്കുക.<br>4. തിങ്ക് ടാങ്ക്-പൊതുനയങ്ങൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും സർക്കാരിനെ ബൗദ്ധികമായി സഹായിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള വിദഗ്ദ്ധരുടെ കൂട്ടായ്മ രൂപീകരിക്കുക.<br>5. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി മോഡൽ പാർലമെന്റ് സംഘടിപ്പിക്കുക.<br>6. പാർലമെന്റ്, നിയമസഭകൾ, പാർലമെന്ററികാര്യവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള നെറ്റ്‌വർക്കിംഗ് (ഇ പാർലമെന്റ്)<br>7. ഇതര സംസ്ഥാനങ്ങളിലേയും ഇതര രാഷ്ട്രങ്ങളിലേയും തെരഞ്ഞെടുത്ത പ്രതിനിധികൾ തമ്മിൽ ആശയ വിനിമയ പരിപാടി എന്നിവ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്. |

ബി. പാർലമെന്ററികാര്യ പ്രവർത്തനങ്ങളിൽ പൊതു പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

ബി.1. പാർലമെന്ററികാര്യ പ്രവർത്തനങ്ങളിൽ പൊതു പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി "നിയമ നിർമ്മാണവും പാർലമെന്ററി നടപടികളും " എന്ന വിഷയം സംബന്ധിച്ച് ത്രിദിന പരിശീലന പരിപാടി നടത്തിവരുന്നു. ഇതേ വരെ രണ്ട് ബാച്ചുകളിലായി 29 എം.എൽ.എ മാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

2. എം.എൽ.എ മാർക്ക് ഐ.ടി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. സെക്രട്ടറിയേറ്റിലെ നിയമവകുപ്പിലെ ഉദ്യോഗസ്ഥർക്ക് ലീഗൽ ഡ്രാഫ്റ്റിംഗ്, ട്രാൻസ്ലേഷൻ എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടി ഈ ആഗസ്റ്റ് മാസം ആരംഭിക്കും.

4. സ്കൂൾ വിദ്യാർത്ഥികൾക്ക് പാർലമെന്ററി സംവിധാനം പരിചയപ്പെടുത്തുന്നതിനായി ഡി.പി.ഐ വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന ഓരോ സ്കൂളുകളെ പങ്കെടുപ്പിച്ചുകൊണ്ട് മോഡൽ പാർലമെന്റ് മത്സരം സംഘടിപ്പിച്ചു. ഒന്നാം സ്ഥാനത്തെത്തുന്ന സ്കൂളിന് റോളിംഗ് ട്രോഫി സമ്മാനിക്കുന്നതാണ്. ഈ വർഷത്തെ സമ്മാനം ആലപ്പുഴ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിനാണ് ലഭിച്ചത്.

5. നിയമസഭാനടപടികൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനായി 'നിങ്ങളുടെ അസംബ്ലിയെ അറിയുക' എന്ന പരിപാടി നടത്തുവാൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസ ജില്ലാടിസ്ഥാനത്തിൽ രണ്ടു വിദ്യാർത്ഥികളെ വീതം ഇതിൽ പങ്കെടുപ്പിക്കുന്നു.

സി. പഴയ നിയമസഭാമന്ദിരത്തിന്റെ നവീകരണത്തിന് നടപടി സ്വീകരിക്കുമോ;

സി. ചരിത്രസ്മാരകമായി പ്രഖ്യാപിച്ചിട്ടുള്ള പഴയ നിയമസഭാ മന്ദിരത്തിന്റെ നവീകരണത്തിനാവശ്യമായ എസ്റ്റിമേറ്റ് ആർക്കിയോളജി വകുപ്പ് തയ്യാറാക്കി വരികയാണ്.

| | |
|---|---|
| ഡി. പഴയ നിയമസഭാമന്ദിരത്തോടനുബന്ധിച്ച് ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി. പഴയ നിയമസഭാമന്ദിരത്തോടനുബന്ധിച്ച് ഒരു 'ഹോളോഗ്രാഫിക് എറ്റേണൽ ഗാലറി' സ്ഥാപിക്കുന്നതിനായി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 683 | | 24.07.2009 -ൽ മറുപടിയ്ക്ക് |
|---|---|---|
| **അങ്കണവാടികളിലെ കുട്ടികൾക്കായി വാങ്ങിയ കളിക്കോപ്പുകൾ** | | |
| ചോദ്യം | | ഉത്തരം |
| **ശ്രീ.പി.കെ.അബ്ദുറബ്ബ്<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി** | | **ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)** |
| (എ) | അങ്കണവാടികളിലെ കുട്ടികൾക്കു വിതരണം ചെയ്യുന്നതിനുവേണ്ടി സാമൂഹ്യക്ഷേമവകുപ്പോ മറ്റേതെങ്കിലും ഏജൻസിയോ കളിക്കോപ്പുകളോ പാവകളോ വാങ്ങിയിരുന്നോ; | (എ) വാങ്ങിയിരുന്നു. |
| (ബി) | ഈ പാവകളിൽ ലെഡ്ഡിന്റെയും കാഡ്മിയത്തിന്റെയും അംശം അടങ്ങിയിട്ടുണ്ടെന്നും അവ കുഞ്ഞുങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാണെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും: അങ്കണവാടികളിലെ കുട്ടികൾക്കു വിതരണം ചെയ്യുന്നതിനുവേണ്ടി വാങ്ങിയ പാവകളിൽ ലെഡ്ഡിന്റെയും കാഡ്മിയത്തിന്റെയും അംശം അടങ്ങിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതു സംബന്ധമായി അന്വേഷണം നടത്തി നിജസ്ഥിതി വെളിപ്പെടുത്തുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ ഇതു സംബന്ധമായി അന്വേഷണം നടത്തി നിജസ്ഥിതി വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 684 — 24.07.2009-ൽ മറുപടിക്ക്

## ശുദ്ധജല വിതരണ കണക്ഷന് കേന്ദ്രീകൃത സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>**ശ്രീ. പി.സി. വിഷ്ണുനാഥ്** | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കേരള ജല അതോറിറ്റി 2007 ജൂൺ മുതൽ തിരുവനന്തപുരത്ത് കെ. ഡബ്ല്യു.എ.യിൽ ശുദ്ധജല വിതരണ കണക്ഷന് കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തിയത് വിജയകരമാണോ; | (എ) | അതെ. |
| (ബി) | എങ്കിൽ എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ഗാർഹിക-ഗാർഹികേതര ശുദ്ധജല വിതരണ കണക്ഷന് തിരുവനന്തപുരത്ത് ആരംഭിച്ചതു പോലുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ആലോചനയുണ്ടോ; എങ്കിൽ എന്നു മുതൽ ആ സമ്പ്രദായം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ ശുദ്ധജല വിതരണ കണക്ഷനുകൾ നൽകുന്നതിനായി കേന്ദ്രീകൃത കണക്ഷൻ സംവിധാനം ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ട്. എന്നാൽ ഈ സംവിധാനം ഏർപ്പെടുത്തുന്നതിനായി പരിപൂർണ്ണ കമ്പ്യൂട്ടറൈസേഷൻ അത്യന്താപേക്ഷിതമാണ്. കമ്പ്യൂട്ടറൈസേഷൻ, ഓഫീസുകളുടെ പുനഃസംഘടന എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് കേന്ദ്രീകൃത സംവിധാനം ആരംഭിക്കും. |
| (സി) | ശുദ്ധ ജല വിതരണത്തിനുള്ള കേന്ദ്രീകൃത കണക്ഷൻ മാതൃകയിൽ ഡ്രെയിനേജ് കണക്ഷൻ നൽകുവാനും കേന്ദ്രീകൃത കണക്ഷൻ സമ്പ്രദായം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതൽ അത് ആരംഭിക്കും എന്നു വ്യക്തമാക്കാമോ ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| | | |
|---|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 685 | | 24.07.2009 -ൽ മറുപടിയ്ക്ക് |
| സാമൂഹ്യസുരക്ഷാമിഷൻ | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാമിഷൻ എന്നാണ് നിലവിൽ വന്നത്; ഇതിന്റെ പ്രവർത്തനത്തിനുള്ള പ്രധാന ധനസ്രോതസ്സ് ഏതാണെന്ന് വ്യക്തമാക്കുമോ; | (എ) 14.10.2008-ലെ സ.ഉ. (എം.എസ്) നം.56/2008/സാക്ഷേവ പ്രകാരം രൂപീകരിച്ച സാമൂഹ്യസുരക്ഷാമിഷന്റെ പ്രവർത്തനം 01.11.2008 മുതലാണ് ആരംഭിച്ചിട്ടുള്ളത്. സാമൂഹ്യ സുരക്ഷിതത്വ പദ്ധതികൾക്കായി 2002-03, 2004-05 എന്നീ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ നീക്കി വച്ചിരുന്ന യഥാക്രമം 25 കോടി രൂപ, 40 കോടി രൂപ എന്നിവ വിനിയോഗിച്ച് ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ചു. ഈ കോർപ്പസ് ഫണ്ടിലുള്ള തുകയും സന്നദ്ധരായവരുടെ സംഭാവനകളും സഹായങ്ങളുമാണ് സാമൂഹ്യസുരക്ഷാമിഷന്റെ പ്രധാന ധനസ്രോതസ്സ്. |
| (ബി) | കിശോരി ശക്തിയോജന പ്രകാരം സംസ്ഥാനത്ത് ഇതിനകം എത്ര കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്; ഈ നിയമനത്തിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) കിശോരി ശക്തിയോജന പ്രകാരം സംസ്ഥാനത്ത് ഇതിനകം 163 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. സാമൂഹ്യസേവനം, സൈക്കോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ളവരെയും കൗൺസിലിംഗിൽ പ്രവൃത്തി പരിചയമുള്ളവരെയുമാണ് (അഭികാമ്യം) പ്രസ്തുത പദ്ധതി പ്രകാരം കൗൺസിലർമാരായി നിയമിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ കൺവീനറും, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ , ജില്ലാ മെഡിക്കൽ ഓഫീസർ, ഐസിഡിഎസ് ജില്ലാ പ്രോഗ്രാം ഓഫീസർ എന്നിവർ അംഗങ്ങളുമായ |

| | | |
|---|---|---|
| | | സമിതിയാണ് പ്രസ്തുത കൗൺസിലർമാരെ നിശ്ചയിക്കുന്നത്. ഇപ്രകാരം സമിതി നിശ്ചയിച്ചു നൽകുന്ന കൗൺസിലർമാരുടെ പേരുവിവരങ്ങൾ പി.റ്റി.എ. പ്രസിഡന്റുമാർക്ക് നൽകുകയും പി.റ്റി.എ. പ്രസിഡന്റുമാർ കൗൺസിലർമാരെ നിയോഗിക്കുകയുമാണ് ചെയ്തുവരുന്നത്. 6500/- രൂപ പ്രതിമാസ ഹോണറേറിയ വ്യവസ്ഥയിൽ നിയോഗിക്കുന്ന പ്രസ്തുത കൗൺസിലർമാരുടെ നിയമനത്തിൽ സംവരണതത്വം ബാധകമല്ല. |
| (സി) | കിശോരി യോജന പ്രകാരം ഇപ്പോൾ പെൺകുട്ടികൾക്ക് (കുമാരിമാർക്ക്) മാത്രമാണോ കൗൺസിലിംഗ് സൗകര്യമുള്ളത്; | (സി) യും (ഡി)യും: കേന്ദ്ര ധനസഹായത്തോടെ 163 സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന കിശോരി ശക്തിയോജന എന്ന പദ്ധതിയിൻ കീഴിലുള്ള ഗുണഭോക്താക്കൾ 11 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളാണ്. ആയതിനാൽ പെൺകുട്ടികൾക്കുമാത്രമാണ് കൗൺസിലിംഗിന് സൗകര്യമുള്ളത്. കിശോരി ശക്തി യോജന എന്ന പദ്ധതി തന്നെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കു വേണ്ടിയുള്ളതാണ്. ആയതിനാൽ ഈ പദ്ധതിയിൽ ആൺകുട്ടികളെ പരിഗണിക്കാനാവില്ല. |
| (ഡി) | എങ്കിൽ കൗമാര പ്രായക്കാരായ ആൺകുട്ടികളെകൂടി കൗൺസിലിംഗിന് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 686 — 24.07.2009—ൽ മറുപടിക്ക്

## ശുദ്ധ ജല പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയും, കേരള റൂറൽ വാട്ടർ സപ്ളൈ ആൻറ് സാനിട്ടേഷൻ ഏജൻസിയും എത്ര ശുദ്ധജല പദ്ധതികൾ വീതം സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ സംസ്ഥാനത്ത് 1434 കുടിവെള്ള പദ്ധതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കേരള റൂറൽ വാട്ടർ സപ്ളൈ ആൻറ് സാനിട്ടേഷൻ ഏജൻസിയുടെ കീഴിൽ 3692 ചെറുകിട കുടിവെള്ള പദ്ധതികളും 12 വലിയ പദ്ധതികളും കമ്മീഷൻ ചെയ്ത് നടത്തിപ്പിനായി ഗുണഭോക്തൃസമിതികൾക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട്. |
| (ബി) ഇതുവഴി എത്ര ലക്ഷം ആളുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) ഇതുവഴി 1,97,33,741 (ഒരു കോടി തൊണ്ണൂറ്റി ഏഴ് ലക്ഷത്തി മുപ്പത്തി മൂവായിരത്തി എഴുനൂറ്റി നാല്പത്തിഒന്ന്) പേർക്ക് കുടിവെള്ളം ലഭ്യമാക്കുന്നുണ്ട്. |
| (സി) ചെറിയ ശുദ്ധ ജല പദ്ധതികൾ പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) ഒരു പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന ശുദ്ധ ജല പദ്ധതികൾ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതികൾ ഏറ്റെടുക്കാൻ പഞ്ചായത്തുകൾ തയ്യാറാണോ; ഇല്ലെങ്കിൽ | (ഡി) വികേന്ദ്രീകൃതാസൂത്രണ പ്രകാരം 1050 ഏക പഞ്ചായത്ത് പദ്ധതികളുടെ പട്ടിക ബന്ധപ്പെട്ട ഗ്രാമ പഞ്ചായ |

കാരണമെന്താണെന്ന് വിശദമാക്കാമോ;

ത്തുകൾക്ക് കൈമാറുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി ബന്ധപ്പെട്ട പഞ്ചായത്തുകളെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഈ പട്ടികയിൽപ്പെട്ട '205' പദ്ധതികളും ഈ പട്ടികയിൽപ്പെടാത്ത 223 ഏക പഞ്ചായത്ത് പദ്ധതികളും മാത്രമാണ് ബന്ധപ്പെട്ട പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുള്ളത് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പദ്ധതികൾ ഏറ്റെടുക്കാൻ പല പഞ്ചായത്തുകളും തയ്യാറാകുന്നില്ല.

പഞ്ചായത്തുകൾക്ക് ഈ പദ്ധതി നടത്തികൊണ്ടുപോകുന്നതിനുള്ള പരിപാലനചെലവ് വഹിക്കാൻ കഴിയില്ലായെന്നതും പദ്ധതി പരിപാലനത്തിനുള്ള സാങ്കേതിക വൈദഗ്ദ്ധ്യം ഇല്ലായെന്നതും പദ്ധതി ഏറ്റെടുക്കാൻ തയ്യാറാകാത്തതിന് പ്രധാന തടസ്സം.

(ഇ) ഈ സർക്കാർ അധികാരം ഏറ്റെടുത്തശേഷം കേരള വാട്ടർ അതോറിറ്റി ആരംഭിച്ച ശുദ്ധജല പദ്ധതികൾ ഏതെല്ലാം; ഇതിന്റെ അടങ്കൽ തുകയും പ്രയോജനം കിട്ടുന്ന ജനസംഖ്യയും വെളിപ്പെടുത്തുമോ?

(ഇ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം കേരള വാട്ടർ അതോറിറ്റി ആരംഭിച്ച ശുദ്ധജല പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ പദ്ധതികളുടെ ആകെ അടങ്കൽ തുക 62,785.03 ലക്ഷം രൂപയാണ്. ഈ പദ്ധതികളുടെ പ്രയോജനം 54,96,644 **പേർക്ക് ലഭിക്കുന്നതാണ്**

സെക്ഷൻ ഓഫീസർ